# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂതൃക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ -ഇ.കെ.എം(പി1)1180/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂത്രക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ -ഇ.കെ.എം(പി1)1180/2022 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ബബിത ബി കുമാർ, സീനി.ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി , ഓഡിറ്റർ
അനീഷ് റ്റി എസ്സ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ഷിജിമോൾ അജയകുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. വർഗ്ഗീസ് ടി പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ദീപു ദിവാകരൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലേഖ കെ കെ | കൃഷി ഓഫീസർ | 01-04-2020 | 09-05-2020 |
| ശ്രീമതി. ജോമിലി ജോസ് | കൃഷി ഓഫീസർ | 10-05-2020 | 31-03-2021 |
| ഡോ. അരുൺ ജേക്കബ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 06-12-2020 |
| ഡോ. സൗമ്യ യൂ എസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 07-12-2020 | 05-02-2021 |
| ഡോ. ആദർശ് ആർ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 05-02-2021 | 31-03-2021 |
| ഡോ. ഇന്ദു എസ് സ്കറിയ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. മേരി ഡയാന കെ എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശ്രീദേവി എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ശ്രീമതി. സുനിത സുരേന്ദ്രൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-11-2020 | 10-01-2021 |
| ശ്രീമതി. ചിഞ്ചു ആർ നായർ | ഐ സി ഡി എസ് സൂപ്പർവൈസർ | 11-01-2021 | 31-03-2021 |
| ശ്രീ. മധുസൂദനൻ സി വി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ. ജാൻസി സി കാപ്പൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ജോസ് എം പി | അസിസ്റ്റൻറ് എൻജിനീയർ | 01-04-2020 | 06-01-2021 |
| ശ്രീമതി. ഷർമിള സി പി | അസിസ്റ്റൻറ് എൻജിനീയർ | 07-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ജയ കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 16-06-2020 |
| ശ്രീമതി. ശ്രീലത വി സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-06-2020 | 31-03-2021 |
| ശ്രീമതി. ആശ കെ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. അഭിലാഷ് എം ബി | വി ഇ ഒ. പൂത്തൃക്ക | 01-04-2020 | 31-03-2021 |
| ശ്രീമതി. മഞ്ജുഷ കെ എസ് | വി ഇ ഒ. തമ്മനിമറ്റം | 01-04-2020 | 31-03-2021 |
| ശ്രീമതി.നീതു ജോൺസൺ | വി ഇ ഒ.വടയമ്പാടി | 01-04-2020 | 01-09-2020 |
| ശ്രീമതി.മഞ്ജുഷ കെ എസ് | വി ഇ ഒ.വടയമ്പാടി (ഇൻ ചാർജ്) | 02-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Aneesh T S (Auditor, On 23-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 28-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 23-06-2022)<br>Last Updated By: Aneesh T S (Auditor, On 23-06-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Aneesh T S (Auditor, On 23-06-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-10 |
| 11 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh T S (Auditor, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക<br>Written By: Aneesh T S (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-12 |
| 13 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല<br>Written By: Aneesh T S (Auditor, On 29-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-14 |
| 15 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് -അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-15 |
| 16 | സ്ട്രീറ്റ് മെയിൻ വലിക്കൽ -വിനിയോഗവിവരം ലഭ്യമല്ല<br>Written By: Babitha B Kumar (Senior Grade Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-16 |
| 17 | IKM വിഹിതം അടവാക്കൽ – വിനിയോഗവിവരം ലഭ്യമല്ല | 1-17 |

| | | |
|---|---|---|
| | Written By: Babitha B Kumar (Senior Grade Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | |
| 18 | ദുരിതാശ്വാസ നിധി<br>Written By: Aneesh T S (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-18 |
| 19 | നെടുംപറമ്പിൽ കുടിവെള്ള പദ്ധതി-<br>Written By: Saly Joseph (Audit Officer (HG), On 24-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-19 |
| 20 | ഗ്യാസ് ക്രെമറ്റോറിയം നിർമ്മാണം-അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 24-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-20 |
| 21 | പച്ചക്കറി മാർക്കറ്റ് നിർമ്മാണം:അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 24-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-21 |
| 22 | കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ പ്യൂരിഫയർ<br>Written By: Saly Joseph (Audit Officer (HG), On 28-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-22 |
| 23 | കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-23 |
| 24 | മമ്മലമുകൾ  കുടിവെള്ള പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-24 |
| 25 | അഡ്വാൻസ് നൽകിയ മുഴുവൻ തുകയും എം.എൽ.എ വികസന ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്തിട്ടില്ല<br>Written By: Swapna.V (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-25 |
| 26 | വീട് വാസയോഗ്യമാക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-26 |
| 27 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മാർഗ്ഗരേഖക്ക് വിരുദ്ധമായി 5000/-രൂപ അധികം നൽകി<br>Written By: Swapna.V (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-27 |
| 28 | ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-28 |
| 29 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Swapna.V (Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-29 |
| 30 | വെള്ളക്കരം കുടിശിക ഒഴിവായില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-30 |
| 31 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 29-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സ്റ്റീലിന് അധികവില നൽകി<br>Written By: Saly Joseph (Audit Officer (HG), On 24-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 3-1 |

| | | |
|---|---|---|
| 2 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മാർഗ്ഗരേഖക്ക് വിരുദ്ധമായി 5000/-രൂപ അധികം നൽകി<br>Written By: Swapna.V (Auditor, On 08-08-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Saly Joseph (Audit Officer (HG), On 29-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 21-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.3.2020 തീരുമാനം (1) 1ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 17.2.2021 ൽ (2) 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 128504461.45/- രൂപയും ചെലവ് 219868090/- രൂപയുമാണ്.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 128504461.45/- | 9,28,54,248.00 |
| ചെലവ് | 219868090/- | 9,28,38,821.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ കാര്യമായ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യവുമായി വലിയ തോതിൽ വ്യത്യാസമില്ലാത്ത തരത്തിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായും തുടർ നടപടികൾക്കും അവലോകനം നടത്തുന്നതുമായും ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങുന്ന കൃത്യമായ ഫയൽ സൂക്ഷിക്കുന്നില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൌണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.21 | 12.08.21 |

വാർഷികധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)KSEB യിൽ ഡെപ്പോസിറ്റ് വർക്കിനായി തൻവർഷം ചെലവഴിച്ച 809471/-യിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുകയുടെ വിവരം B-4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

2) 20-21 ഗ്രൗണ്ട് വാട്ടർ വകുപ്പിൽ മുൻകൂർ നല്കിയ തുക 44,000/-രൂ B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

3)നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുന്നിരിപ്പുണ്ടായിരുന്ന തുക Trial Balance ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13923728 |
| വരവ് | 92854248 |
| ആകെ | 106777976 |
| ചെലവ് | 92838821 |
| നീക്കിയിരിപ്പ് | 13939155 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 281250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1962525 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 8354400 | 8354400 | 8354400 | | 0 |
| വികസനഫണ്ട് -SCP | 0 | 7146037 | 7146037 | 7146037 | | 0 |
| വികസനഫണ്ട് -TSP | 0 | 459000 | 459000 | 282800 | | 176200 |
| ധനകാര്യകമ്മീഷൻ അവാർഡ് (Basic) | 0 | 9716526 | 9716526 | 6021825 | | 3694701 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 4090000 | 4090000 | 1106227 | | 2983773 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 33262000 | 33262000 | 26840555 | | 6421445 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 3456681 | 3456681 | 3456681 | | 0 |
| ദുരിതാശ്വാസനിധി (311100101) | 2947 | 92 | 3039 | 0 | 3039 | |
| ICDS (320100125) | 1538168 | 752194 | 2290362 | 1500000 | 790362 | |
| Total Sanitation Campaign (320100181) | 857000 | 0 | 857000 | 797672 | 59328 | |
| SAGY (320200306) | 18680 | 0 | 18680 | 0 | 18680 | |
| പകർച്ചവ്യാധി നിയന്ത്രണം (320100195) | 0 | 100000 | 100000 | 0 | 100000 | |
| ശ്മശാനം(320200299 & 320200301) | 0 | 2000000 | 2000000 | 2000000 | 0 | |
| KILA & Biodiversity Board (320200399) | 411268 | 31008 | 442276 | 69973 | 372303 | |
| സാക്ഷരത (320100197) | 45158 | 1402 | 46560 | 0 | 46560 | |
| LIFEസംസ്ഥാനവിഹിതം,ആശ്രയ,ഓൺലൈൻ വിദ്യാ സഹായി (320200322) | 0 | 2059207 | 2059207 | 1959207 | 100000 | |
| ആരോഗ്യജാഗ്രത,PBIG (320300103) | 0 | 2452237 | 2452237 | 140000 | 2312237 | |
| KSFE വിദ്യാ സഹായി (320400199) | 4611 | 140147 | 144758 | 140000 | 4758 | |
| BPCL (320900102) | 0 | 262500 | 262500 | 262500 | 0 | |
| അങ്കണവാടി നെയിംബോർഡ് (320100196) | 0 | 60000 | 60000 | 0 | 60000 | |
| വിമുക്തി (320100190) | 11850 | 0 | 11850 | 0 | 11850 | |
| ബഡ്സ് സ്കൂൾ (320300199) | 1250000 | 0 | 1250000 | 1250000 | 0 | |
| ഹഡ്കോ (320800199) | 787000 | 0 | 787000 | 787000 | 0 | |

G O പ്രൊജക്റ്റിന്റെ ചെലവ്

വികസനഫണ്ട് ജനറൽ – 9,63,600/-(അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക). ബഡ്സ് സ്കൂൾ ഗ്രാന്റിനത്തിലെ ചെലവായി കാണിച്ചിരിക്കുന്നത് (12,50,000 /- രൂപ) സ്കൂൾ നിർമ്മാണം നടത്താതിരുന്നതിനാൽ 02.07.20 ൽ തിരിച്ചടച്ച തുകയാണ്. 320200399 ഹെഡ്ഡിൽ KILA യിൽ നിന്നും Biodiversity Board ൽ നിന്നും ലഭിക്കുന്ന തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 320300199 ഹെഡ്ഡിൽ LIFE സംസ്ഥാനവിഹിതം , ആശ്രയ,കളക്ടറുടെ വിദ്യാസഹായി എന്നിവയിലെ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 320300103 ഹെഡ്ഡിൽ PBIG, ആരോഗ്യകേരളം എന്നിവയിലെ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മൂന്ന് ഹെഡ്ഡുകളിലായി ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ ഇനങ്ങളിലെ ഫണ്ട് വിനിയോഗം താഴെ പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KILA | 0 | 18337 | 18337 | 18337 | 0 |
| Biodiversity Board | 411268 | 12671 | 423939 | 51636 | 372303 |
| LIFEസംസ്ഥാനവിഹിതം | 0 | 400000 | 400000 | 300000 | 100000 |
| ആശ്രയ | 0 | 1611992 | 1611992 | 1611992 | 0 |
| വിദ്യാസഹായി | 0 | 47215 | 47215 | 47215 | 0 |
| PBIG | 0 | 2172237 | 2172237 | 0 | 2172237 |
| ആരോഗ്യകേരളം | 0 | 280000 | 280000 | 140000 | 140000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 255 | 189331379 | 138 | 76680655 | 117 | 0 | 54% |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6501600 | 410 |
| വിധവാപെൻഷൻ | 10564700 | 1257 |
| വാർദ്ധക്യകാലപെൻഷൻ | 18373000 | 689 |
| വികലാംഗപെൻഷൻ | 3142600 | 204 |
| വിവാഹധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 672000 | 45 |

## 1-7 തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1200 | 738802 | 740002 | 737231 | 2771 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13769817 | 13769817 | 13769817 | 0 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.6.2022ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,116/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ പഞ്ചായത്ത് അധികാരികളുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു.

1)വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഒട്ടുമിക്ക പ്രോജക്ടുകളുടെ ഫയലിലും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. അതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി നടത്തുന്നുണ്ടോയെന്ന് വർക്കിംഗ് ഗ്രൂപ്പ് കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കേണ്ടതാണ്.

2)അസിസ്റ്റന്റ് എൻജിനിയർ നടപ്പാക്കിയ പദ്ധതികൾ പലതും പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ പൂർത്തികരിക്കുന്നില്ല. ഫയലുകളിൽ നിന്നും ചെലവഴിച്ച തുകകളുടെ കൃത്യത വ്യക്തമല്ല.

3) പ്രാധാന്യമുള്ള പദ്ധതികളായ കുടിവെള്ള വിതരണം പദ്ധതികൾ, ശ്മശാന നിർമ്മാണം, എന്നിവ പോലും പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ പൂർത്തികരിക്കുന്നില്ല.

4) സ്ട്രീറ്റ്ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/03/2021 | മാർച്ച് 2020 മുതൽ സെപ്റ്റംബർ 2020 വരെ | 30/10/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/05/2022 | 04/2018 മുതൽ 04/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പൂത്തൃക്ക ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി - 60 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി - 50 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ്(വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) |
|---|---|---|---|---|---|
| 5/600/J | 2013-Ist Half | 204.46 ച. മീ | 12267.6 | 10223 | 2044.6 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 2013 ആദ്യ പകുതി മുതൽ കുറഞ്ഞ നിരക്കിൽ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 8/2020-21 തിയതി 23/06/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക

പൂത്തൃക്ക ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2013 ആദ്യ പകുതി മുതലുള്ള വസ്തു നികുതി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | കെട്ടിട | സ്ഥാപനം | കുടിശിക തുക |
|---|---|---|---|

| | | | |
|---|---|---|---|
| നം. | നം | | (21-22 വരെ) |
| 1, | 2/621/C | ബി എസ് എൻ എൽ | 74190 |
| 2, | 5/450/A | ബി എസ് എൻ എൽ | 63000 |
| 3, | 5/1082/A | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 19216 |
| ആകെ | | | 156406 |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 17/2020-21 തിയതി 25/06/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

പൂത്തൃക്ക ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2020 -21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 17/2020-21 തിയതി 25/06/2022 കുള്ള സെക്രട്ടറിയുടെ എ3/2378ാം നം മറുപടി പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | റീമാർക്സ് |
|---|---|
| ഐ സി എൽ ഫിൻകോർപ്പ് | രണ്ടാം പകുതി |
| മുത്തൂത്ത് ഫിൻകോർപ്പ്, കോലഞ്ചേരി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ബി എസ് എൻ എൽ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ജിയോജിത്ത് | രണ്ടാം പകുതി |
| മണപ്പുറം ഫിനാൻസ് | ആദ്യ പകുതി |

## 1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ ഒരു തദ്ദേശ സ്വയം ഭരണ പ്രദേശത്ത് 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 20/2020-21 തിയതി 25/06/2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | സിവർ വുഡ് ഹോം | 04 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 2 | ഫോഴ്സ് അക്കാദമി | 04 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 3 | സ്വർണ്ണം ഫ്രഷ് മാർട്ട് | 04 | $1^{st}$ &$2^{nd}$ അർദ്ധവർഷം |

| | | | |
|---|---|---|---|
| 4 | ഇ സി ബിൽഡേഴ്സ് | 03 | 1st &2nd അർദ്ധവർഷം |
| 5 | ചൈതന്യ ഹോട്ടൽ | 03 | 1st &2nd അർദ്ധവർഷം |
| 6 | പ്രിന്റോ ഓഫ്സെറ്റ് പ്രസ്സ് | 03 | 1st &2nd അർദ്ധവർഷം |
| 7 | കുളിർമ ഫുഡ്സ് | 04 | 2nd അർദ്ധവർഷം |
| 8 | ചിൽ ആന്റ് ഫ്രഷ് | 05 | 2nd അർദ്ധവർഷം |
| 9 | ഹോട്ടൽ ബ്രീസ് | 05 | 2nd അർദ്ധവർഷം |
| 10 | ഹരിശ്രീ ആട്ടോമൊബൈൽസ് | 03 | 2nd അർദ്ധവർഷം |
| 11 | ഗ്രാന്റ് ഹോട്ടൽ | ലഭ്യമല്ല | 2nd അർദ്ധവർഷം |
| 12 | ഇസാഫ് ബാങ്ക് | 10 | 2nd അർദ്ധവർഷം |
| 13 | ഡ്രീംസ് കിച്ചൻ | 03 | 2nd അർദ്ധവർഷം |

1-15 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് -അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 0014/21 , സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | |
| അടങ്കൽ | 600000 /- (ധനകാര്യകമ്മീഷൻ അവാർഡ്)<br>200000 /- (തനത് ഫണ്ട് )<br>ആകെ അടങ്കൽ -800000 /- | |
| ചെലവ് | 377034 /- (ധനകാര്യകമ്മീഷൻ അവാർഡ്) | 1)BRN 1174530 / 01.03.21 – 188517 /- |
| | | 2)BRN 1183029 / 01.03.21 -188517 /- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ നന്നാക്കുന്നതിന് ഇ ടെണ്ടർ ക്ഷണിച്ചതിൻപ്രകാരം 1500 തെരുവ് വിളക്കുകൾക്ക് ഏറ്റവും കുറഞ്ഞ തുകയായ 7,26,000/- രൂപ ക്വോട്ട് ചെയ്ത KMR Electrical Engineers & Contractors എന്ന സ്ഥാപനത്തിനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്(10.07.20 ലെ 1(14) നം. തീരുമാനം). 20.08.20 ൽ ഒപ്പിട്ട കരാറിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളിൽ സ്ട്രീറ്റ് മെയിനിൽ അല്ലാത്തവ സ്ട്രീറ്റ് മെയിനുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും തെരുവ് വിളക്കുകളുടെ സ്വിച്ച് ഓൺ / ഓഫ് ചെയ്യുന്നതിന് ആവശ്യമായ ഇടങ്ങളിൽ ഫ്യൂസ് സ്ഥാപിക്കുന്നതിനും കേടായ CFLകൾ മാറ്റി 9 W LED ബൾബുകൾ സ്ഥാപിക്കുന്നതിനും ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്ന CFL ലൈറ്റുകൾ തകരാർ പരിഹരിച്ച് വർഷം മുഴുവൻ പ്രവർത്തനക്ഷമമാക്കി നല്കുന്നതിനും പുതിയ 9 W LED ബൾബുകൾ സ്ഥാപിക്കുന്നതിനും എല്ലാ നികുതികളുമുൾപ്പെടെ ഒരു പോസ്റ്റിന് 484/- രൂപ നിരക്കിൽ കൃത്യമായും പരിപാലിച്ച് പ്രകാശിപ്പിച്ചുകൊള്ളുന്നതിനും ധാരണ ആയിട്ടുണ്ട്. കരാർ തുക ഗഡുക്കളായി നല്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ കാര്യക്ഷമമായി പ്രകാശിക്കുന്നുണ്ടെന്ന് എല്ലാ മെമ്പർമാരും അഭിപ്രായപ്പെട്ടതിനെത്തുടർന്ന് 19.01.21 ലെ 8(1)നം. തീരുമാനം പ്രകാരം കരാറുകാരൻ നല്കിയ 754067/- രൂപ ബില്ലിലെ (ഇൻവോയ്സ് നം. B2B 009 / 21.12.20 ) ഒന്നാം ഗഡുവും 25.02.21 ലെ 1(1) നം. തീരുമാനം പ്രകാരം രണ്ടാം ഗഡുവും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ കോൺട്രാക്റ്ററുടെ (അൻസൽ .കെ.എം) 18.12.20 ലെ കത്ത് പ്രകാരം 1 മുതൽ 14 വരെയുള്ള വാർഡുകളിൽ 476 ഓട്ടോമാറ്റിക് ലൈറ്റുകൾ,113 പുതിയ ലൈറ്റുകൾ,969 LED കൾ എന്നിവ നന്നാക്കിയിട്ടുണ്ട്(ആകെ 1558) എന്ന് അവകാശപ്പെട്ട് സെക്രട്ടറിക്ക് നല്കിയ കത്ത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. കരാർ പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുകയാണ് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച രേഖകൾ ഒന്നും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരന് നൽകിയ തുക

സംബന്ധിച്ചും,തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ചും നൽകിയ എൻക്വയറിയ്ക്കുള്ള(നം. 26,28.06.22)മറുപടിയിൽ 377034/-രൂപ 20-21 ലും 348966/-രൂപ 21-22 ലും ചെലവഴിച്ചുവെന്നും കരാർ പ്രകാരമുള്ള തുക തന്നെയാണെന്നും ബോധിപ്പിച്ചു. കോലഞ്ചേരി, പുത്തൻകുരിശ്, തിരുവാണിയൂർ ഇലക്ട്രിക്കൽ സെക്ഷനുകളിലായി ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി ഇവയുടെ എണ്ണം കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് മെയിൻ വലിക്കൽ -വിനിയോഗവിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രൊജകട് നം., പേര് | 0131/21 , സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | |
| അടങ്കൽ | 8,09,471 /- (ധനകാര്യകമ്മീഷൻ അവാർഡ്) | |
| ചെലവ് | 8,09,471 /- | 1)ബിൽ നം.1/11.04.20 – 2,45,000 /- |
| | | 2)ബിൽ നം.61/20.05.20 – 5,64,471 /- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി | |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് KSEB ക്ക് തൻവർഷം 8,09,471/-രൂപ നല്കിയിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 23.06.22ന് നല്കിയ എൻക്വയറി നം. 13 ന് ഹാജരാക്കിയ മറുപടിയിൽ KSEB യിൽ നിന്നും ലഭിച്ച 282386/-രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായി. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഏജൻസികൾക്ക് നല്കുന്ന തുക നിരീക്ഷിച്ച് തുക കൃത്യമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൻവർഷം നല്കിയ 809471/-രൂപയിൽ ധനവിനിയോഗസാക്ഷ്യപത്രം ലഭിക്കുവാൻ അവശേഷിക്കുന്ന 5,27,085/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 IKM വിഹിതം അടവാക്കൽ – വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 0001/21 , IKM വിഹിതം അടവാക്കൽ |
| അടങ്കൽ | 60,718 /- (വികസനഫണ്ട് ) |
| ചെലവ് | 60,718 /- BRN 1016210 / 30.01.21 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഇ -ഗവേൺനൻസിന്റെ ഭാഗമായി IKM ന്റെ സേവനം ലഭിക്കുന്നതിന് Information Kerala Mission ന്റെ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് 60,718 /- രൂപ കൈമാറിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്(നം.4,21.06.22)മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 60718 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂണിയൻ ബാങ്ക് പൂത്തൃക്ക ശാഖയിൽ 453802010005018ാം നം എസ് ബി അക്കൗണ്ടായി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവയാൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു സമാശ്വാസമെന്ന രീതിയിൽ, അടിയന്തിര ഘട്ടങ്ങളിൽ അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരത്തിലൊരു നിധി രൂപീകരിക്കുന്നതിന് നിർദ്ദേശമുള്ളത്. എന്നാൽ പൂത്തൃക്ക ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ 2016 മുതൽ പലിശ ഇനത്തിലുള്ള ചെറിയ വരവ് മാത്രമാണുള്ളത്. ജനങ്ങൾക്ക് ഒരു സമാശ്വാസമെന്ന രീതിയിൽ, അടിയന്തിര ഘട്ടങ്ങളിൽ സാമ്പത്തിക സഹായം ചട്ടപ്രകാരം ആവശ്യക്കാർക്ക് നൽകുന്നതിനും, ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപിക്കുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-19 നെടുംപറമ്പിൽ കുടിവെള്ള പദ്ധതി-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നെടുംപറമ്പിൽ കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 204/2020-21(SO) |
| അടങ്കൽ തുക / ഫണ്ട് | 3,08,885/-തനത് ഫണ്ട് |
| ചെലവ് തുക/ചെക് നം തിയതി | 58597രൂ. 5794425/14.12.2020 |
| എം ബുക്ക് നം | 383/18-19 |

2019-20 വർഷം ആരംഭിച്ച നെടുംപറമ്പിൽ കുടിവെള്ള പദ്ധതിയ്ക്ക് രണ്ട് ഇനം പ്രവർത്തികളാണ് ഉണ്ടായിരുന്നത്. ഇനം 1 പ്രകാരം പി വി സി പൈപ്പുകൾ സ്ഥാപിക്കലും ഇനം 2 പ്രകാരം മോട്ടോർ വാങ്ങി സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും. 2 കരാറുകാരാണ് ഈ പ്രവൃത്തി ഏറ്റെടുത്തത്. ഇപ്രകാരം ഒരു പ്രവർത്തിക്ക് രണ്ട് കരാറുകാരെ ഏല്പിച്ചത് എന്തിനാണ് എന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സ്പെസിഫിക്കേഷൻ | അളവ് | നിരക്ക് | തുക | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1 | 50.18.9.6.1 Providing And Fixing PVC Pipes | 1265m | 236.47 | 2,99,134 | എം.കെ ചാക്കോ |
| 2 | Supplying And Fixing Motor And Accessories | - | - | 2,00,865 | എഗ്രിമെന്റ് വെച്ച് പ്രവൃത്തി നടപ്പാക്കിയില്ല. |

മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം പി വി സി പൈപ്പുകൾ മുഖാന്തിരം പ്രദേശത്തെ ജനങ്ങൾക്ക് നൽകുന്നതിനാണ് പ്രവൃത്തി. പി വി സി പൈപ്പുകൾ മാത്രം സ്ഥാപിക്കുന്നതിനായി ആകെ 249712 രൂപ ചെലവുണ്ട്. ഇതിൽ 2020-21 വർഷം 58597 രൂപയാണ് ചെലവുള്ളത്. മോട്ടോർ സ്ഥാപിക്കാതെ അനുബന്ധ പ്രവർത്തികൾ മാത്രം നടപ്പാക്കിയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. മാത്രമല്ല ഒരു പ്രവർത്തിക്ക് രണ്ട് ടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പാക്കുവാൻ ശ്രമിച്ചതിൽ വ്യക്തതയില്ല. കൂടാതെ പദ്ധതിയുടെ പൂർത്തീകരണ കാലാവധിക്കുള്ളിൽ (6 മാസം) പദ്ധതി നടപ്പാക്കിയിട്ടുമില്ല. ഇക്കാരണത്താൽ ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച തുകയിൽ തൻവർഷത്തെ ചെലവു തുകയായ 58597 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഇത് സംബന്ധിച്ച് 22-6-2022 ൽ 6-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

1-20 ഗ്യാസ് ക്രെമറ്റോറിയം നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗ്യാസ് ക്രെമറ്റോറിയം കെട്ടിട നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 187/2020-21 |
| അടങ്കൽ തുക / ഫണ്ട് | 50 ലക്ഷം , CSR ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 1)10 ലക്ഷം രൂ. ചെക് നം.10006576തി. 18.6.2020<br>2) 10 ലക്ഷം രൂ.ചെക് നം.10008308തി. 5.11.2020 |
| എം ബുക്ക് നം | 248/19-20<br>453/19-20 |
| കരാറുകാരൻ | സണ്ണി വി പീറ്റർ |

ഗ്യാസ് ക്രെമറ്റോറിയം നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് 2018-19 വർഷം 50ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. തുടർന്ന് സണ്ണി വി പീറ്റർ എന്ന കരാറുകാരന് 2777605 രൂപയ്ക്ക് കെട്ടിട നിർമ്മാണ പ്രവർത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 11/AE/LSGD/Ptk/18-19 തി 16.11.2019, കാലാവധി 6 മാസം). പൂതൃക്ക ഗ്രാമ പഞ്ചായത്ത് അസി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ഗ്യാസ് ക്രെമറ്റോറിയം നിർമ്മാണം എന്ന ഈ പ്രോജക്റ്റിനായി 20-21 വർഷം 20 ലക്ഷം രൂപ (CSR ഫണ്ട് )ചെലവുണ്ട്.

ഈ പ്രവർത്തിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ഈ പ്രവർത്തിയ്ക്കായി ടെൻഡർ ക്ഷണിച്ച് പങ്കെടുത്ത കരാറുകാരുടെ വിശദാംശം, ക്വാട്ട് ചെയ്ത തുകകളുടെ ടാബുലേഷൻ ഷീറ്റ് എന്നിവ ഫയലിൽ ഇല്ല.

2)പൂർത്തികരിക്കാൻ കാലതാമസം നേരിട്ടതിന് (പൂർത്തീകരണ കാലാവധി 6മാസം ) കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3)ഗ്യാസ് ക്രെമറ്റോറിയം നിർമ്മാണം എന്ന പ്രവർത്തിയിൽ കെട്ടിട നിർമ്മാണം മാത്രമാണ്

നടപ്പാക്കിയിട്ടുള്ളത്. പ്രവർത്തന സജ്ജമാക്കിയതായി ഫയലിൽ ഇല്ല. അടിയന്തിര പ്രാധാന്യമുള്ള നിർമ്മാണപ്രവർത്തികൾ പൂർത്തീകരണ കാലാവധികൾക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.

4)ഈ നിർമ്മാണ പ്രവർത്തിയിൽ സ്റ്റീലിന് അധികവില നല്കിയതായി കാണുന്നുണ്ട്. വിശദാംശം ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-21 പച്ചക്കറി മാർക്കറ്റ് നിർമ്മാണം:അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പച്ചക്കറി മാർക്കറ്റ് നിർമ്മാണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ട് നം/വർഷം | 1)185/2020-21 |
| അടങ്കൽ തുക / ഫണ്ട് | 1) 52 ലക്ഷം (47 ലക്ഷം HUDCO Fund +5 ലക്ഷം തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തിയതി | 1) 7,45,500/- രൂ. ചെക്ക് നം .തീ. 56668 തി. 22.9.2020. (HUDCO Fund)<br>2) 41,500/- ചെക് നം. 56667 തീ. 22.9.2020 (HUDCO Fund)<br>3) 5,00,000/-ചെക് നം. 56668 തി. 22.9.2020 (തനത് ഫണ്ട്)<br>ആകെ 12,87,000/- |
| എം ബുക്ക് നം | 1)490/18-19<br>2)37/20-21<br>3)142/20-21 |

പച്ചക്കറി മാർക്കറ്റ് നിർമ്മാണം എന്ന പ്രവർത്തിക്കു 2018-19 വർഷം 52ലക്ഷം രൂപയ്ക്കു ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. തുടർന്ന് വി ജെ മാത്യു എന്ന കരാറുകാരനെ 49,99,063/- രൂപയ്ക്ക് പ്രവൃത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 34/AE/LSGD/Ptk/18-19 തി 12.12.2018). പൂതൃക്ക ഗ്രാമ പഞ്ചായത്ത് അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള കാർഷിക വിപണനകേന്ദ്ര നിർമ്മാണം എന്ന ഈ പ്രോജക്റ്റിനായി 20-21 വർഷം ചെലവുരേഖ പ്രകാരം 12,87,000/- /- രൂപ ചെലവുണ്ട്.

ഈ പ്രവർത്തിയുടെ നിർവ്വഹണത്തിലും തുടർ നടത്തിപ്പിലും ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ഈ പ്രവർത്തിയ്ക്കായി ടെൻഡർ ക്ഷണിച്ച് പങ്കെടുത്ത കരാറുകാരുടെ വിശദാംശം, ക്വാട്ട് ചെയ്ത തുകകളുടെ ടാബുലേഷൻ ഷീറ്റ് എന്നിവ ഫയലിൽ ഇല്ല, പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല

2) ഈ പ്രോജക്റ്റിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശം (ഫണ്ട്, ചെക് നം തിയതി, ബിൽ നം തീയതി , ഉത്തരവ് നം) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) പൂർത്തികരിക്കാൻ കാലതാമസം നേരിട്ടതിന് (പൂർത്തീകരണ കാലാവധി ഒരു വർഷം) കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടില്ല.

4) പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. എഗ്രിമെന്റ് വച്ച് തുടർ നടത്തിപ്പ് കൈമാറിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ പ്രോജക്ട് ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ചും വ്യക്തതയില്ല.

ഇതു സംബന്ധിച്ച് 22.06.2022 ൽ 5-ാം നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-22 കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്കു വാട്ടർ പ്യൂരിഫയർ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്കു വാട്ടർ പ്യൂരിഫയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 252/2020-21(SO) |
| അടങ്കൽ തുക / ഫണ്ട് | 5,00,000/- |
| ചെലവ് തുക/ ബിൽ നം തിയതി | 1) 2,74,097/-രൂ. ബിൽനം. തീ. 483/29.3.2021 |

| | |
|---|---|
| | 2) 24,787/-രൂ. ബിൽനം.തീ. 490/30.3.2021 |
| ആകെ ചെലവ് | 2,98,884/- |

ഈ പ്രവർത്തിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയില്ല.

1)വാട്ടർ പ്യൂരിഫയർ സ്റ്റോക്കിൽ ആസ്തിയായി ഉൾപ്പെട്ട രജിസ്റ്റർ അല്ലെങ്കിൽ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെയും പ്രവർത്തി പൂർത്തികരിച്ചതിന്റെയും തുടർ നടത്തിപ്പും സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ മറ്റ് കുടിവെള്ള പദ്ധതികളെ അപേക്ഷിച്ച് ഈ പദ്ധതിയ്ക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും ഉത്തരവും ഹാജരാക്കിയില്ല.

രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-23 കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 184/2020-21 |
| അടങ്കൽ തുക / ഫണ്ട് | 2 ,00,000/-തനത് ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 44,000/-രൂ. ചെക്ക് നം 5814352 തീ.11.6.20 |
| എം ബുക്ക് നം | - |

കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതിയ്ക്കായി 44,000/-രൂ. ചെക്ക് നം 5814352 തീ.11.6.20 പ്രകാരം 2020-21 വർഷം ഗ്രൌണ്ട് വാട്ടർ വകുപ്പിലേയ്ക്ക് നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല) പ്രവൃത്തി നടപ്പാക്കിയില്ല. പ്രവൃത്തി നടപ്പാക്കാത്തതിനാൽ കരാർ പ്രകാരം തുക തിരികെ ഈടാക്കേണ്ടതാണ്. ചെലവഴിച്ച തുക 44,000/-രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മമ്മലമുകൾ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മമ്മലമുകൾ കുടിവെള്ള പദ്ധതി |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 208/2020-21(SO) |
| അടങ്കൽ തുക / ഫണ്ട് | 2,12,000/- (2020-21 വർഷം) 2,50,000/- (2019-20 വർഷം) |
| ചെലവ് തുക/ ബിൽ നം തിയതി | 1) 38,000/-, ബിൽ നം.46/ 10.07.19<br>2) 1,27,797രൂ. ചെക്ക് നം. 6376 തീ. 13.8.2020 (തനത് ഫണ്ട്)(Ist And Final Bill)<br>3) 84,203/-ചെക്ക് നം. 5794452 തീ. 30.3.2021 (തനത് ഫണ്ട്)<br>ആകെ – 2,50,000/- |
| എം ബുക്ക് നം | 440/19-20 |

മമ്മലമുകൾ കുടിവെള്ള പദ്ധതിയിൽ കുഴൽ കിണർ നിർമ്മിച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനാണ് പ്രോജക്റ്റ്. കുഴൽ കിണർ നിർമ്മിക്കുന്നതിനായി ബിൽ നം 46 തീ.10.7.2019 പ്രകാരം 38,000/-രൂപ ഗ്രൌണ്ട് വാട്ടർ വകുപ്പിലേയ്ക്ക് മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ കുഴൽ കിണർ നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചതായി ഫയലിൽ ഇല്ല. ടാങ്കിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കുമാണ് 2020-21 വർഷം തുക നല്കിയിട്ടുള്ളത്.

കുഴൽ കിണർ നിർമ്മിച്ച കുടിവെള്ള പദ്ധതി പൂർത്തികരിച്ച വാട്ടർ കണക്ഷൻ നല്കിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-25 അഡ്വാൻസ് നൽകിയ മുഴവൻ തുകയും എം.എൽ.എ വികസന ഫണ്ടിൽ നിന്നും റീക്ലപ്പ് ചെയ്തിട്ടില്ല

സ.ഉ. (സാധാ) നം. 408/2020 / നി.വ 18.6.2020 ഉത്തരവു പ്രകാരം കോവിഡ് കാലത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടി.വി വാങ്ങി നൽകുന്നതിനായി കെ.എസ്.എഫ്.ഇ. നൽകുന്ന 75% തുകയും 25% കണ്ടെത്തുന്നതിന് എം.എൽ.എ മാരുടെ വികസന ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്. ഓൺലൈൻ വിദ്യാസഹായി പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 14 അങ്കണവാടികളിലേക്ക് ടി.വി വാങ്ങുന്നതിനായി വൗച്ചർ നം. 22000042 തീയതി 17.10.20 പ്രകാരം 48860/- രൂപയും(ടി.വി വിലയുടെ 25% ) വൗച്ചർ നം. 22000043 തീയതി 17.10.20 പ്രകാരം 140000/- (ടി.വി വിലയുടെ 75%) രൂപയും ഉൾപ്പെടെ 188860/- രൂപ സാംസങ് ഡയറക്ട ട കസ്റ്റമർ, കടവന്ത്ര ക്ക് നൽകിയിട്ടുണ്ട്. ഇതിൽ എം.എൽ.എ വികസന ഫണ്ടിൽ നിന്നും ലഭിക്കേണ്ടതായ 48860/-രൂപ തനതുഫണ്ടിൽ നിന്നും അഡ്വാൻസ് ആയി നൽകിയിട്ടുള്ളതാണ്. എന്നാൽ രസീതു നം. 1200000056/G0 71001 തീയതി 31.3.2021 പ്രകാരം 47215/- രൂപയാണ് എം.എൽ.എ. വികസന ഫണ്ടിൽ നിന്നും റീക്ലപ്പ് ചെയ്തിട്ടുള്ളത്.

മേൽ അപാകതക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/28.6.2022) മറുപടി ലഭ്യമായിട്ടില്ല. ഈടാക്കിയതിൽ കുറവു വന്ന തുകയായ 1645/- രൂപ എം.എൽ.എ വികസന ഫണ്ടിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-26 വീട് വാസയോഗ്യമാക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

.2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രൊജക്റ്റ് നം | 50/20-21 |
| അടങ്കൽ തുക | 1470000/-<br>(610597/-വികസന ഫണ്ട്,<br>പൊതുവിഭാഗം,<br>സാധാരണ വിഹിതം<br>289403/-വികസനഫണ്ട്,<br>ധനകാര്യകമ്മീഷൻ അവാർഡ്<br>570000/--തനത് ഫണ്ട് |
| ചെലവു തുക | ആകെ -1110000/-<br>610597/-വികസന ഫണ്ട്,<br>പൊതുവിഭാഗം,<br>സാധാരണ വിഹിതം<br>289403/-വികസനഫണ്ട്,<br>ധനകാര്യകമ്മീഷൻ അവാർഡ്<br>210000/-തനത് ഫണ്ട് |

സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം.22/2018 ത. സ്വ.ഭ.വ തിരുവനന്തപുരം തീയതി 14.2.2018 പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതി - ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 100000/- രൂപയാണ്. എൽ.എസ്.ജി.ഡി. എൻജിനീയർ പരിശോധിച്ചശേഷമായിരിക്കും സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. പുതിയ വീട് നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു .അവസാന ഗഡു തുക നൽകുന്നതിനു മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എൻജിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകത കാണുന്നു .

ഗ്രാമ പഞ്ചായത്തിൽ വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് സബ്സിഡി നിരക്ക് നിശ്ചയിച്ചിട്ടുള്ളത് 35000/- രൂപയാണ്. എന്നാൽ എൽ.എസ്.ജി.ഡി എൻജിനീയറുടെ വാല്യവേഷൻ റിപ്പോർട്ടിൽ ഓരോ വാസഗൃഹ മെയിന്റനൻസിനും 50000/- രൂപയോടടുത്ത് ചെലവു വരുന്നുണ്ട്. ആയതിനാൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്താവിന് പദ്ധതിയുടെ ആനുകൂല്യം പരമാവധി ലഭിക്കത്തക്കവിധം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-27 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മാർഗ്ഗരേഖക്ക് വിരുദ്ധമായി 5000/-രൂപ

അധികം നൽകി

2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനം തുറവൂരിൽ മെക്കാനിക് ഡീസൽ ട്രേഡ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് 20000/-രൂപ സ്കോളർഷിപ്പ് തുകയായി നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 ഖ. 7-2.5 പ്രകാരം സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്ക് 15,000/- അനുവദനീയം. വിശദവിവരം ഭാഗം 3-2ൽ ചേർത്തിട്ടുണ്ട്.

1-28 ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 169/2020-2021 |
| പ്രൊജക്ടിന്റെ പേര് | ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ തുക | 62057/-തനതുഫണ്ട് |
| ചെലവ് തുക /ബിൽ നം/തീയതി | 23143/-(ചെക്ക് നം5814353/11.6.2020) |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 57/2020-2021 |
| പ്രൊജക്ടിന്റെ പേര് | ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ തുക | 314856/-(300000/-വികസന ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് 14586/-തനതുഫണ്ട് |
| ആകെ ചെലവ് തുക /ബിൽ നം/തീയതി | 52476/-വികസന ഫണ്ട്, ധനകാര്യക്കമ്മീഷൻ അവാർഡ്/ 5/20-21,11.8.20 (ഏപ്രിൽ, മെയ് മാസങ്ങളിലെ കൺസൽട്ടേഷൻ ഫീ) |

മേൽ പദ്ധതി പ്രകാരം പൂത്തുക്ക പഞ്ചായത്തിലെ ഹരിത സഹായ സ്ഥാപനമായ നോർത്ത് ആംസ് ഇ.ൻ.വി സൊല്യൂഷൻ, ഇരുമ്പനം എന്ന സംഘടനക്ക് 2020 മാർച്ച് മാസത്തിലെ വേസ്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി ഫീ ആയി 23143/- രൂപയും ഏപ്രിൽ, മെയ് മാസങ്ങളിലെ കൺസൾട്ടൻസി ഫീ 26238/- വീതം (ബിൽ നം.5/20-21,11.8.20) നൽകിയിട്ടുണ്ട്.

സ.ഉ (സാധാ) നം.471/2019/ ത.സ്വ.ഭ.വ, തീയതി 1.3.2019 ലെ ഉത്തരവു പ്രകാരം ഓരോ ഹരിത സഹായ സ്ഥാപനത്തിനും ക്ലസ്റ്ററടിസ്ഥാനത്തിൽ നടത്തിപ്പ് തുക നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഹരിത സഹായ സ്ഥാപനങ്ങൾ എല്ലാ മാസവും 5ാം തീയതിക്കു മുൻപ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വ മിഷനും നൽകേണ്ടതാണ്. തുടർന്ന് 10ാം തീയതിക്കുള്ളിൽ ശുചിത്വ മിഷൻ -ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ ഹരിത സഹായ സ്ഥാപനത്തിന്റേയും അവയുടെ പ്രവർത്തന പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും റിവ്യൂ സംഘടിപ്പിക്കേണ്ടതാണ്. ഇതിലൂടെ ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും കഴിയും. ഈ റിവ്യൂ യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. 15ാം തീയതിക്കുള്ളിൽ റിവ്യൂ യോഗത്തിന്റെ മിനിട്ട്സ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ ജില്ലാ കോ-ഓഡിനേറ്റർ നൽകണം. മിനിട്സിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനത്തിന്റെ കൺസൾട്ടൻസി ഫീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ ഇതേക്കുറിച്ച് പരാമർശം ഉണ്ടായിട്ടും 2020-21 സാമ്പത്തിക വർഷത്തിൽ ഇപ്രകാരമല്ല കൺസൾട്ടൻസി ഫീസ് കൊടുത്തിരിക്കുന്നത്.

ഓഡിറ്റ് എൻക്വയറി (നം.15/ 25.6.2022) നൽകിയതിനുശേഷം ലഭ്യമാക്കിയ ഹരിത സഹായ സ്ഥാപനത്തിന്റെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തൃപ്തികരമല്ല. റിപ്പോർട്ടിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഹരിത സഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഹരിതകർമ്മ സേനയുടെ

അവലോകനയോഗം കൂടിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മാലിന്യസംസ്കരണത്തെക്കുറിച്ചുള്ള രണ്ടാം ഘട്ട ഫീൽഡ് തല ബോധവൽക്കരണം നടത്തി, ഗാർഹിക സ്ഥാപന ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയുണ്ടെന്നും കോവിഡുമായി ബന്ധപ്പെട്ട് മാലിന്യശേഖരണവും സംസ്കരണവും സംബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകി എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയതിന്റെ അനുബന്ധരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ശുചിത്വ മിഷൻ -ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേററർമാർ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഹരിത സഹായ സ്ഥാപനത്തിന്റെ റിവ്യൂ യോഗം നടത്തി സ്ഥാപനത്തിന് നൽകേണ്ട കൺസൾട്ടൻസി ഫീസ് സംബന്ധിച്ച് തീരുമാനം എടുത്തതിന്റെ മിനിട്ട്സ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.വ്യക്തമായ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 49381/- (23143+26238) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമല്ല.

1) 2020-21 സാമ്പത്തിക വർഷത്തിൽ എച്ച്.എം ഗവ. എൽ.പി സ്കൂൾ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എ.ച്ച് .എം ഗവ.<br>എൽ.പി സ്കൂൾ<br>പൂതൃക്ക |
| പ്രോജക്ട് നമ്പർ | 43/2020-21 |
| അടങ്കൽ | 1062214/- (ആകെ)<br>299520/-(വികസന ഫണ്ട് പൊതുവിഭാഗം)<br>244307/-(വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>518387/-(തനതുഫണ്ട്) |
| ചെലവ് തുക/ബിൽ നം./തീയതി | ആകെ - 816104/-<br>53410/-(1/20-21 ,9.9.20)<br>244307/-(2/20-21, 20.3.21)<br>518387/-(ചെക്ക് നം. 5794448 Dt. 26.3.2021 ) |

2)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച് .എം, ഗവ. എൽ.പി സ്കൂൾ<br>പൂതൃക്ക |
| പ്രോജക്ട് നമ്പർ | SO 155/2020-21 |
| അടങ്കൽ | 406640/-(വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് തുക/<br>ബിൽ നം./തീയതി | 406640/-(8/20-21 , 11.4.2020) |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ പദ്ധതി പ്രകാരം എസ്.എസ്.എ ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല.
29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.എ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്.
കോവിഡ് പശ്ചാത്തലത്തിൽ ഈ തുക(816104/-, 406640/-) ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2020-21 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/25.6.2022) മറുപടി ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 816104 /- രൂപ, 406640/- രൂപ എന്നിവയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 വെള്ളക്കരം കുടിശിക ഒഴിവായില്ല

കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് നല്കിയ ഡിമാന്റ് നോട്ടീസ് / ബില്ല് നം. 49897 / 05.03.21 പ്രകാരം 31.03.21 ന് അകം ഒടുക്കേണ്ട വെള്ളക്കരം 94,58,070 /- രൂപയാണ് .ഈ ബില്ല് പ്രകാരമുള്ള തുക 5250 /- രൂപ വാർഷിക നിരക്കിൽ 251 ടാപ്പുകളുടെ പ്രതിമാസ ചാർജ്ജും (109813/- രൂപ) ഫൈനും(179882/-) നാളിതുവരെയുള്ള കുടിശികയും(91,68,375/-) ഉൾപ്പെട്ടതാണ്. ഭീമമായ കുടിശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടും വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഏറ്റവും ഒടുവിൽ നടത്തിയ പൊതുടാപ്പുകളുടെ സംയുക്തപരിശോധന സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/28.06.22) മറുപടി ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച് പരാമർശങ്ങളുണ്ടായിരുന്നെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. വാട്ടർ ചാർജ് കുടിശികയിനത്തിൽ മുൻവർഷങ്ങളിൽ ഉറവിടത്തിൽ നിന്നും സർക്കാർ തുക കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അധികം തുക ചെലവഴിക്കേണ്ട സാഹചര്യം ഒഴിവാക്കേണ്ടതാണ് .

1-31 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു

1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മുതൽ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വരെ ആകെ 19 റിപ്പോർട്ടുകളിലായി 129 പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1)2015-16 വർഷത്തെ ഓഡിറ്റ് പരാമർശങ്ങളായ തൊഴിൽ നികുതി ഈടാക്കിയില്ല, മൊബൈൽ ടവറുകളുടെ കെട്ടിടനികുതി ഈടാക്കിയില്ല, സംരക്ഷണഭിത്തിക്ക് Dry Rubble പാകിയതിന് അധികനിരക്ക് നല്കി ആദായനികുതി ഈടാക്കിയില്ല, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ,ഹൈമാസ്റ്റ് ലൈറ്റുകൾക്ക് അധിക കറന്റ് ചാർജ് അടച്ചു എന്നിവ തീർപ്പാക്കുന്നതിന് നാളിതുവരെനടപടികൾ സ്വീകരിച്ചിട്ടില്ല .

2) 2016-17 വർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന SSA പദ്ധതി ക്കും PMAY പദ്ധതിക്കും വിഹിതം നല്കിയ തുകകൾക്ക് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല എന്ന പരാമർശം ഇതുവരെ തീർപ്പാക്കിയിട്ടില്ല .

3)വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ, കുറഞ്ഞ തൊഴിൽ നികുതി ഈടാക്കിയത്, ചിറാകണ്ടം റോഡ് റീടാറിംഗ് പദ്ധതിയുടെ രേഖകൾ ലഭ്യമല്ലാത്തത് തുടങ്ങിയവ 2017-18 വർഷത്തെ റിപ്പോർട്ടിൽ തീർപ്പാക്കാത്ത പരാമർശങ്ങളായി ഇപ്പോഴും നിലനിൽക്കുന്നു.

4)ക്രമാതീതമായി വർദ്ധിക്കുന്ന വെള്ളക്കരം കുടിശിക, അങ്കണവാടികളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നത്, പേവിഷനിയന്ത്രണത്തിലെ അപാകതകൾ, മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ ഫയലിൽ ലഭ്യമല്ലാത്തത്, LIFE ഭവനപദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തത്, FAR അധികനിരക്ക് ഈടാക്കാതിരുന്നത്, കിടാരി വിതരണത്തിലെ അപാകതകൾ എന്നീ പരാമർശങ്ങൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തീർപ്പാക്കാതെ അവശേഷിക്കുന്നു.

5)2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന കരാറുകാരന് അധികം തുക നല്കി, സർക്കാർ നിർദ്ദേശം പാലിക്കാതെ ഹരിത സഹായസ്ഥാപനത്തിന് അധികം തുക നല്കി, GST യിൽ നിന്നൊഴിവാക്കിയ സേവനങ്ങൾക്ക് GST നല്കി , തൊഴിൽ നികുതി - അപാകതകൾ, ആസ്തി സംരക്ഷണം സംബന്ധിച്ചും വെള്ളക്കരം കുടിശിക സംബന്ധിച്ചുമുള്ള പരാമർശങ്ങളും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാടക ഈടാക്കാത്തത്, മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തിന് നികുതി കണക്കാക്കാത്തത്, വസ്തുനികുതി അപാകതകൾ, Antivirus Software ന് അധികം തുക നല്കിയത്, തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയിൽ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും Voids കുറവ് ചെയ്യാതെ തുക അനുവദിച്ചത്, GST ഈടാക്കാതിരുന്നത് ,കാലിവീപ്പയുടെ വിലയ്ക്ക് GST ഈടാക്കാതിരുന്നത് എന്നീ പരാമർശങ്ങളും 2019-20 വർഷത്തെ റിപ്പോർട്ടിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്.

കഴിഞ്ഞ 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പ്രധാന പരാമർശങ്ങളാണ് ഇവ. ഇവയും 1997-98 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിലനിൽക്കുന്ന പരാമർശങ്ങളും തീർപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സ്റ്റീലിന് അധികവില നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗ്യാസ് ക്രിമിറ്റോറിയം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 187/2020-21 |
| അടങ്കൽ തുക / ഫണ്ട് | 50 ലക്ഷം , CSR ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 1) 10 ലക്ഷം രൂ. ചെക്ക് നം. 10006576 തി. 18.6.2020<br>2) 10 ലക്ഷം രൂ.ചെക്ക് നം.10008308 തി. 5.11.2020 |
| എം ബുക്ക് നം | 248/19-20<br>453/19-20 |
| കരാറുകാരൻ | സണ്ണി വി പീറ്റർ |

ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് 2018-19 വർഷം 50ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. തുടർന്ന് സണ്ണി വി പീറ്റർ എന്ന കരാറുകാരന് 27,77,605 രൂപയ്ക്ക് കെട്ടിട നിർമ്മാണ പ്രവർത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 11/AE/LSGD/Ptk/18-19 തി 16.11.2019, കാലാവധി 6മാസം ). പൂതുക്ക ഗ്രാമ പഞ്ചായത്ത് അസി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം എന്ന ഈ പ്രോജക്ടിനായി 20-21 വർഷം ചെലവുരേഖ പ്രകാരം 20 ലക്ഷം രൂപ (CSR ഫണ്ട് ) ചെലവുണ്ട്.

ഈ പ്രവർത്തിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ഈ പ്രവർത്തിയ്ക്കായി ടെൻഡർ ക്ഷണിച്ച് പങ്കെടുത്ത കരാറുകാരുടെ വിശദാംശം, ക്വാട്ട് ചെയ്ത തുകകളുടെ ടാബുലേഷൻ ഷീറ്റ് എന്നിവ ഫയലിൽ ഇല്ല.

2)പൂർത്തികരിക്കാൻ കാലതാമസം നേരിട്ടതിന് (പൂർത്തീകരണ കാലാവധി 6മാസം ) കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3)ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം എന്ന പ്രവൃത്തിയിൽ കെട്ടിട നിർമ്മാണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ശ്മശാനം പ്രവർത്തന സജ്ജമാക്കിയതായി ഫയലിൽ ഇല്ല. പ്രാധാന്യമുള്ള നിർമ്മാണപ്രവർത്തികൾ പൂർത്തീകരണ കാലാവധികൾക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.

4)ആകെ ചെലവഴിച്ച തുക, ഫണ്ടിനം തുടങ്ങിയ വിശദാംശം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

5)ഈ നിർമ്മാണ പ്രവർത്തിയിൽ സ്റ്റീലിന് അധികവില നല്കിയതായി കാണുന്നുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു. CC 3rd & Final Bill

| ഇനം | സ്പെസിഫിക്കേഷൻ | അളവ് | നിരക്ക് | നല്കിയതുക |
|---|---|---|---|---|
| 4 | 5.1.2 Providing And Laying In Position Specified Grade Of Reinforced Cement Concrete | 22.66 $M^3$ | 9079.38 | 205493.61 |
| 8 | 5.2.2 Reinfoced Cement Concreting Pillars , Plinth Etc. | 7.728$m^3$ | 10438.58 | 80669.35 |
| 8 | 5.22.6 Steel Reinforcement For RCC Work Complete | 6380 Kg | 82.68/kg | 527498.4 |

ഒരു എം3 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് പരമാവധി ആവശ്യമായ സ്റ്റീലിന്റെ അളവ് 100 Kg ആണ്. (ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം). അതായത് 30.388 എം3 (22.66 $M^3$ +7.728$m^3$=30.388 എം$^3$) സിമന്റ് കോൺക്രീറ്റ് പ്രവർത്തിയ്ക്ക് ആവശ്യമായ പരമാവധി കമ്പിയുടെ അളവ് 30.388 *100=3038.8 Kg യാണ് (റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം)

ഒരു Kg സ്റ്റീലിന് 82.68രൂപ നിരക്കിൽ 3038.8 Kg സ്റ്റീലിന് പരമാവധി 251,247.98/-രൂപയാണ് ചെലവ് വരുന്നത്. നല്കിയത് 6380 Kg സ്റ്റീലിന് 527498.4രൂപ. അധികം നല്കിയ തുക 2,76,250.41/-രൂപയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നല്കിയ തുക 2,76,250/-രൂ. തിരികെ ഈടാക്കേണ്ടതുമാണ്. ( ഇതു സംബന്ധിച്ച് 23.6.2022 ൽ 12 നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയില്ല.)

### 3-2 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മാർഗ്ഗരേഖക്ക് വിരുദ്ധമായി 5000/-രൂപ അധികം നൽകി

2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രൊജക്റ്റ് നം | 18/20-21 |
| അടങ്കൽ തുക | 500000/-(വികസന ഫണ്ട്) എസ്.സി.പി |
| ചെലവ് തുക /ബിൽനം/ തീയതി | ആകെ -490000/-<br>105000/- 5/20-21 , Dtd 13.2.21<br>80000/- 6/20-21 ,13.2.21<br>100000/- 7/2021 ,13.2.21<br>100000/- 9/2021 ,16.2.21<br>2847/-10/20-21 ,17.3.21<br>102153/- 11/20-21 ,27.3.21 |

സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം.22/2018/ തസ്വഭവ, തീയതി 14.2.2018 ഖണ്ഡിക 7.2.5 പ്രകാരം മെഡിക്കൽ കോഴ്സിന് 30000/-രൂപ, എൻജിനീയറിംഗ് കോഴ്സിന് 25000/- രൂപ, ബിരുദാനന്തര ബിരുദം- 30000/- രൂപ, ബിരുദം,പോളിടെക്ക്നിക് കോഴ്സുകൾക്ക് 20000/- രൂപ, മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15000/- രൂപ , സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃതസർവകലാശാലകളുടെ റഗുലർ കോഴ്സുകൾക്ക് 50000/-രൂപ, പ്രോഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിന് 5000/- രൂപ എന്നിങ്ങനെ സ്ഥാപനമേധാവി യുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പദ്ധതി പ്രകാരം ശ്രീ.ദീപു തങ്കപ്പൻ, ചോയിക്കര മോളത്ത്, (Sl NO.32-ഗുണഭോക്തൃപട്ടിക) എന്ന ഗുണഭോക്താവിന് ബിൽ നം. 9/2021, 16.2.21 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ 20000/- രൂപ നൽകിയിട്ടുണ്ട്. ടിയാൾ 2020-21 വർഷത്തിൽ സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനം, ഇറവൂർ -ൽ മെക്കാനിക്ക് ഡീസൽ ട്രേഡ് വിദ്യാർത്ഥിഎന്ന കോഴ്സ് സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്ക് 15000/- രൂപ യാണ് അനുവദനീയം

മേൽ പറഞ്ഞ വ്യക്തിക്ക് ഇപ്രകാരം തുക നൽകിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/27.6.2022) മറുപടി ലഭ്യമാക്കിയതിൽ ഗുണഭോക്താവ് സർക്കാർ അംഗീകൃത റഗുലർ കോഴ്സ് പഠനം നടത്തുന്നു എന്നാണ്. ആയതിനാൽ അധികം നൽകിയ 5000/- രൂപ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ -(SC) | 200000 | - |
| | 2020-21 | 2,25,000 | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ -എസ് റ്റി | 2,25,000 | - |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 1,50,000 | ലൈഫ് പദ്ധതി എസ്റ്റി | 1,50,000 | - |
| | 2020-21 | 1000000 | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ ജനറൽ | 1000000 | |
| | 2020-21 | 10,62,500 | നെൽകൃഷി വികസനം | 1062,500 | |
| | 2020-21 | 322369 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം | 322369 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 210000 | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ (SC) | 210000 | - |
| | 2020-21 | 22,70,000 | ലൈഫ് പദ്ധതി(SC) | 2270000 | |
| | 2020-21 | 4,00,000 | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ -ജനറൽ | 400000 | |
| | 2020-21 | 1052674 | നെൽകൃഷി വികസനം | 10,52,674 | |
| | 2020-21 | 322369 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം | 322369 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എസ്-131/21, സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 1)1/11.4.2020 2)61/20.5.2020 | 1)245000 2)564471 | 282386 | 527085 |
| കെ.എസ്.ഇ.ബി | എസ്- 9/20, സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21900395 21901154 21901324 | 237755 | 0 | 237755 |
| ഭൂഗർഭ ജല അതോറിറ്റി | എസ്- 210/20, മാമലമുഗൾ കുടിവെള്ളപദ്ധതി | 46/10.07.2019 | 38000 | 0 | 38000 |

അഡ്വാൻസ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ട് പൂർത്തീകരിക്കാത്തതായി ചേർത്തിരിക്കുന്ന എല്ലാ തുകകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23692/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-2020 | 3-5 | 22488 | അസി.എൻജിനിയർ | 1200101104/ 17.3.2021 |
| 2019-2020 | 3-6 | 1204 | അസി.എൻജിനിയർ | 1200101104/ 17.3.2021 |
| ആകെ | | 23692/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2(4)(എ) | 2014-15 | 2(4), 2(4)a | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 17 പേരിൽ 5 പേർ തുക അടവാക്കിയിട്ടുണ്ട്. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർചാർജ് സർട്ടിഫിക്കറ്റ് | | ആകെ തിരിച്ചടച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |
| 1 | 1998-99 | 29 | ബേബി കമലം | LF/16672/spl/ Cell/SC8/02 10.04.2013 | 16969 | -- | 16969 |
| 2 | 2001-2002 | 20 A, B | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 234 | -- | 234 |
| 3 | " | 21 A, B | " | " | 1770 | -- | 1770 |
| 4 | 2001-2002 | 22 | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1550 | -- | 1550 |
| 5 | " | 24 | " | " | 1811 | -- | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,28,54,248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,28,38,821 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 281250.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1962525.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

.

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | 0 | 2,76,250.00 | ശ്രീ.ജോസ് എം.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 0 | 5,000.00 | ശ്രീമതി ആശ കെ.പി., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 0 | 281250.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 527085 | ശ്രീ.ദീപു ദിവാകരൻ, സെക്രട്ടറി |
| 1-17 | 60718 | ശ്രീ.ദീപു ദിവാകരൻ, സെക്രട്ടറി |
| 1-19 | 58,597 | ശ്രീ.ജോസ് .എം.പി., അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-23 | 44,000 | ശ്രീ.ജോസ് .എം.പി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 49381 | ശ്രീ. അഭിലാഷ് എം.ബി,<br>വി.ഇ.ഓ. |
| 1-29 | 1)406640<br>2)816104 | ശ്രീ. മധുസൂദനൻ സി വി<br>എച്ച് .എം.,ഗവ. എൽ.പി സ്കൂൾ |
| ആകെ | 1962525 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപു ദിവാകരൻ,<br>സെക്രട്ടറി | സെക്രട്ടറി, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | ചാപ്പുരയിൽ,<br>പാലക്കാമറ്റം,പൂത്തൃക്ക പി.ഒ,<br>എറണാകുളം |
| അഭിലാഷ് എം ബി,<br>വി ഇ ഒ | വി.ഇ.ഒ. പൂതൃക്ക | മുല്ലപ്പള്ളി ഹൗസ്<br>മാമല പി ഒ |
| ജോസ് എം.പി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | മറ്റപ്പിള്ളി ഹൗസ്,<br>കരയാംപറമ്പ്, കറുകുറ്റി പി.ഓ.,<br>പിൻ – 683576. |
| മധുസൂദനൻ സി.വി.<br>എച്ച്.എം.<br>ഗവ. എൽ.പി സ്കൂൾ | വിരമിച്ചു | ചാമോത്തിൽ പുത്തൻപുര<br>തമ്മാനിമറ്റം, രാമമംഗലം |
| ആശ കെ പി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | കുഴപ്പനാട്ടിൽ ഹൗസ്<br>മുളന്തുരുത്തി പി ഒ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2004-05 | എൽ.എഫ്.ഇ.(പി1)1878/07, 29.4.08 |
| 2005-06 | എൽ.എഫ്.ഇ.(പി1)1344/10, 3.11.11 |
| 2006-07 | എൽ.എഫ്.ഇ.(പി1)1345/10, 3.11.11 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1346/10 , 03.11.11 |
| 2008-09, 2009-10 & 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2011-12 | എൽ.എഫ്.ഇ.(പി1)157/14, 02.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി1)386/15, 10.04.15 |

| | |
|---|---|
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി1)1784/15, 30.11.15 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി1)45/17, 25.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി1)1272/17, 16.05.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി1)1625/18, 13.09.18 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി1) 008/2020, 10.03.2020 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി1) 487/2021 , 29.03.2021 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്